## സർക്കുലർ

158/NSS/DHSE/2017 01/11/2017

ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം **ആഗോള പ്രമേഹ നടത്തം 2017** സംഘടിപ്പിക്കുന്നു.

തിരുവനന്തപുരം എസ്.എം.വി.മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2017 നവംബർ 14 ന് ലോക പ്രമേഹ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും പ്രമുഖ വ്യക്തികളും നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാരും പങ്കെടുക്കുന്ന **ആഗോളപ്രമേഹനടത്തം 2017** ഉം നടത്തപ്പെടുന്നു. മേഖലാതല ഉദ്ഘാടനം തൃശ്ശൂർ ജില്ലയിലെ തേക്കിൻകാട് മൈതാനത്തിലെ സ്വരാജ് റൗണ്ടിലും കോഴിക്കോട് ബീച്ചിലെ ഹോസ്പിറ്റലിനു സമീപവും സംഘടിപ്പിക്കുന്നു.

**ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ എല്ലാ എൻഎസ്എസ് യൂണിറ്റുകളും നവംബർ 14ന് രാവിലെ 8മണിക്ക് ആഗോള പ്രമേഹനടത്തം 2017 സംഘടിപ്പിക്കേണ്ടതാണ്.**

### പരിപാടിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ മറ്റ് വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷകർത്താക്കളെയും യുവജനങ്ങളെയും ആഗോള പ്രമേഹനടത്തം 2017 പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്. പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ ആയിരിക്കണം പരിപാടി സംഘടിപ്പിക്കേണ്ടതാണ്. യൂണിറ്റ്തല ഉദ്ഘാടനം ലളിതമായി സംഘടിപ്പിക്കാം. പ്രമുഖ വ്യക്തികൾ, ജനപ്രതിനിധികൾ/ആരോഗ്യ പ്രവർത്തകർ എന്നിവരെ ഈ സംരഭത്തിലേക്ക് ക്ഷണിക്കുകയും റാലിയിൽ പങ്കെടുപ്പിക്കുകയും വേണം.

2. ജീവിതശൈലി രോഗങ്ങൾക്കെതിരെ ‘‘**ആഗോള പ്രമേഹനടത്തം 2017**’’ റാലിയിൽ ഉപയോഗിക്കുന്നതിനാവശ്യമായ പ്ലക്കാർഡ്, ചിത്രങ്ങൾ, സ്ലോഗൺ, കാർട്ടൂൺ എന്നിവ യൂണിറ്റ് തലത്തിൽ തയ്യാറാക്കാം.
3. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ചേർന്ന് ചർച്ചകൾ/സെമിനാർ/ക്ലാസ്സുകൾ, തുടങ്ങിയ സംഘടിപ്പിക്കാവുന്നതാണ്.
4. പ്രവർത്തനവുമായി ബന്ധപ്പെട്ട ഫോട്ടോ/ന്യൂസ് റിപ്പോർട്ട് എന്നിവ വെബ്സൈറ്റിലും അതാത് ജില്ലാമെയിലിലും അയയ്ക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോ-ഓർഡിനേറ്റർ